പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1210 — 12.07.2011 - ൽ മറുപടിക്ക്

## പൊതുമേഖലാ ഉദ്യോഗ നിയമനങ്ങളിലെ മുസ്ലീം പ്രാതിനിധ്യക്കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | | ശ്രീ. ഉമ്മൻചാണ്ടി (ബഹു.മുഖ്യ മന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ പൊതു മേഖലാ ഉദ്യോഗനിയമനങ്ങളിൽ വിവിധ സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് പഠിച്ച് സമർപ്പിച്ച കമ്മിറ്റി റിപ്പോർട്ടുകളിൽ ഏതെല്ലാം റിപ്പോർട്ടുകളിലാണ് മുസ്ലീം പ്രാതിനിധ്യക്കുറവ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) & (ബി) | പാലൊളി മുഹമ്മദ്കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ മുസ്ലീം പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് പ്രത്യേക കണ്ടെത്തലുകളൊന്നും നടത്തിയിട്ടില്ല. വിവിധ സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് പഠിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിലേക്കായി, കമ്മീഷൻ ശുപാർശകൾ അംഗീകരിച്ച്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച 02.02.2006-ലെ ജി.ഒ.(പി) നം. 8/2006/ പജപവവിവ നം. ഉത്തരവിനെ തുടർന്ന്, KS & SSR -ലെ സംവരണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി 08.03.2006-ലെ ജി.ഒ. (പി) നം. 7/2006/ പി.ആന്റ്.എ.ആർ.ഡി പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം A ആയി ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | | |
| (സി) | അതിന്റെ ഫലമായി പ്രസ്തുത വിഭാഗത്തിന് ഏതൊക്കെ ജില്ലകളിൽ എത്ര വീതം നിയമനങ്ങൾ കൂടുതലായി | (സി) | മുസ്ലീം സമുദായത്തിന് നിയമപ്രകാരം 12% സംവരണമാണ് നിലവിലുള്ളത്. ഒഴിവുകൾക്കനുസൃതമായി സംവരണ |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ടെന്ന വിശദവിവരം നൽകുമോ ; | | നിയമം പാലിച്ചുകൊണ്ട് തന്നെയാണ് ഓരോ തസ്തികയിലേയ്ക്കുമുള്ള നിയമന ശുപാർശ പി.എസ്.സി നടത്തുന്നത്. കൂടാതെ ഏതെങ്കിലും സമുദായങ്ങളുടെ അഭാവത്തിൽ അവർക്കായി നീക്കിവച്ച ഒഴിവുകൾ നികത്തപ്പെടാതെ വരികയാണെങ്കിൽ പ്രസ്തുത സമുദായങ്ങളുടെ പ്രാതിനിധ്യം നില നിർത്താനായി NCA വിജ്ഞാപനം നടത്തുന്നുണ്ട്. ഇത്തരത്തിൽ 01.04.2007 മുതൽ 31.03.2011 വരെ NCA വിജ്ഞാപനം ചെയ്ത് നികത്തപ്പെട്ട മുസ്ലീം ഉദ്യോഗാർത്ഥികളുടെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം - B ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മുസ്ലീം പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ഡി) | ഇപ്പോൾ നടന്നു വരുന്ന സാമൂഹിക സാമ്പത്തിക ജാതി സർവ്വേയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, വിവിധ സമുദായങ്ങളുടെ പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം തേടി, പിന്നോക്ക വിഭാഗത്തിലെ മുസ്ലീം സമുദായം ഉൾപ്പെടെയുള്ളവർക്ക് പ്രാതിനിധ്യക്കുറവ് ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്